I ഇ.ബി. XV- കേരള നിയമസഭ/V-10

## പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2022 ജൂലൈ 14, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

29(*271) കെ.എസ്.ആർ.ടി.സി.-യിൽ ഉന്നതതല ഓഡിറ്റ്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) നൽകിയ മറുപടിയിൽ, കെ.എസ്.ആർ.ടി.സി.-യിൽ അക്കൗണ്ടന്റ് ജനറലിന്റെ ഒരു റെസിഡന്റ് ഓഡിറ്റ് യൂണിറ്റ് സ്ഥിരമായി പ്രവർത്തിക്കുന്നുണ്ടെന്നും 2021-22 സാമ്പത്തിക വർഷം വരെയുള്ള താൽക്കാലിക കണക്കനുസരിച്ച് കോർപ്പറേഷന്റെ സഞ്ചിത നഷ്ടം 15,952.22 കോടി രൂപയാണെന്നും സഭയെ അറിയിച്ചു. കെ.എസ്.ആർ.ടി.സി.-യിൽ ഉന്നതതല ഓഡിറ്റ് വേണമെന്ന നിർദ്ദേശം ഹൈക്കോടതി നൽകിയിട്ടില്ലെന്നും വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം വഴി

വായ്പ സമാഹരിച്ച് ലാഭകരമായി പുനഃക്രമീകരിച്ചിട്ടുണ്ടെന്നും വായ്പ തിരിച്ചടവിനായി വിവിധ ഘട്ടങ്ങളിലായി സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും ജീവനക്കാരുടെ ശമ്പള വിതരണത്തിന് കോർപ്പറേഷൻ എല്ലാ മാസവും സർക്കാരിൽ നിന്നും വരവ് - ചെലവ് അന്തരത്തിന് ആനുപാതികമായി സാമ്പത്തിക സഹായം തേടുന്നുണ്ടെന്നും കെ.എസ്.ആർ.ടി.സി.-യിൽ അഡ്മിനിസ്ട്രേറ്റീവ് വിംഗിലൊഴികെയുള്ള തസ്തികകളിൽ കരാർ നിയമനം നടത്തുന്നില്ലെന്നും സിംഗിൾ ഡ്യൂട്ടി സംവിധാനം നടപ്പിലാക്കുമെന്നും വ്യക്തമാക്കി. കെ.എസ്.ആർ.ടി.സി. വാരാന്ത്യങ്ങളിൽ പ്രൈവറ്റ് ബസ്സുകൾ വാടകയ്ക്കെടുത്ത് ടൂർ പാക്കേജുകൾ വിജയകരമായി നടത്തിവരുന്നുണ്ടെന്നും നിർത്തിവച്ച ഷെഡ്യൂളുകളിൽ ലാഭകരമായവ പുനഃസ്ഥാപിക്കുമെന്നും മന്ത്രി അറിയിച്ചു. ഭീമമായ മെയിന്റനൻസ്/ഇന്ധനച്ചെലവ് കാരണം കോവിഡ് കാലത്ത് ഉപയോഗശൂന്യമായ 720 ജൻറം ബസ്സുകൾ ഉൾപ്പെടെ 900 ബസ്സുകൾ സ്ക്രാപ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെന്നും സ്ഥലലഭ്യതയും ഫീസിബിലിറ്റിയും പരിശോധിച്ച് പുതിയ ഡിപ്പോ/ഓപ്പറേറ്റിംഗ് സെന്ററുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുമെന്നും അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളുടെ എണ്ണം കുറയ്ക്കുമെന്നും കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ പി.പി.പി.

മോഡലിൽ കൊമേഴ്സ്യൽ ബിൽഡിംഗുകളും ബസ് ടെർമിനൽ കോംപ്ലക്സുകളും നിർമ്മിക്കുന്നതിന് ധനകാര്യവകുപ്പുമായും കിഫ്ബിയുമായും ചർച്ചകൾ നടത്തിവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

30(*272) <u>പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത</u>

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) നൽകിയ മറുപടിയിൽ, പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും എല്ലാ കുടുംബങ്ങളെയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനും നല്ല ഭക്ഷണം ഉറപ്പുവരുത്തുന്നതിനും "ഞങ്ങളും കൃഷിയിലേക്ക്" എന്ന ജനകീയ തുടർപദ്ധതി ആവിഷ്കരിച്ച് കൃഷിയ്ക്കാവശ്യമായ വിത്ത് മുതൽ വിപണി വരെയുള്ള സഹായങ്ങൾ നൽകിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. പദ്ധതിയുടെ ഭാഗമായുണ്ടാകുന്ന കൃഷിക്കൂട്ടങ്ങളിലൂടെ കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, വൈവിധ്യവത്കരണം, പ്രാദേശികമായ ഉല്പാദന വർദ്ധനവ്, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ കയറ്റുമതി, സാമ്പത്തിക സ്വയംപര്യാപ്തത, എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സാധിക്കും. ഓണക്കാലത്ത് വിഷരഹിത പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനായി " ഓണത്തിന് ഒരു മുറം

പച്ചക്കറി", സമഗ്ര പച്ചക്കറി വികസന പദ്ധതിയിലുൾപ്പെടുത്തി " സേഫ് ടു ഈറ്റ്" തുടങ്ങിയ പദ്ധതികൾ നടപ്പാക്കുകയും സ്കൂൾ വളപ്പിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായവും നൽകി വരുന്നു. "ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി"പ്രകാരം ജൈവകൃഷി പ്രോത്സാഹനത്തിനായി കർഷകർക്ക് ഹെക്ടറൊന്നിന് 7500 രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നുണ്ട്. ഒരു പുരയിടത്തിലെ സാധ്യമായ എല്ലാ

ഉല്പാദന ഘടകങ്ങളേയും സമന്വയിപ്പിച്ച് കൃഷിയിടാധിഷ്ഠിത ആസൂത്രണം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും പാരിസ്ഥിതികവും സാമ്പത്തികവുമായ നേട്ടങ്ങൾ കർഷകർക്ക് പ്രദാനം ചെയ്യുന്നതിന് പ്രത്യേക കാർഷിക മേഖലക്ക് രൂപം കൊടുത്തിട്ടുണ്ടെന്നും സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി, ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി തുടങ്ങിയ രീതികൾ പ്രോത്സാഹിപ്പിച്ചുവരുന്നതായും കൃഷി വകുപ്പിന്റെ കാര്യക്ഷമമായ ഇടപെടലിലൂടെ സംസ്ഥാനത്തെ പച്ചക്കറി കൃഷി വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കർഷകർ/ കർഷക സംഘങ്ങളിൽനിന്നും ഹോർട്ടികോർപ്പ് ശേഖരിച്ച

ഉല്പന്നങ്ങളുടെ വില കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പ്രകൃതിക്ഷോഭംമൂലം വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും ചാലക്കുടി മണ്ഡലത്തിൽ റമ്പൂട്ടാൻ, മാങ്കോസ്റ്റിൻ എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുന്നത് പരിഗണിക്കുമെന്നും സംസ്ഥാനത്തുടനീളം 300 പച്ചക്കറി സംഭരണ/ വിപണന മാർക്കറ്റുകളും ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷന്റെ 80 യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ടെന്നും 16 ഇനം കാർഷികോല്പന്നങ്ങൾക്ക് താങ്ങുവില നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഒരോ പ്രദേശത്തെയും അധികോല്പാദനമുള്ള വിളകൾ സംഭരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി അറിയിച്ചു.

31(*273) <u>വിള ഇൻഷ്വറൻസ് പദ്ധതി</u>

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പ്രകൃതിക്ഷോഭംമൂലം വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി കൃഷിവകുപ്പിന്റെ AIMS പോർട്ടൽ മുഖേന സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയും അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേന പ്രധാനമന്ത്രി ഫസൽ ബീമാ യോജന,

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി എന്നിവയും നടപ്പിലാക്കുകയും സംസ്ഥാന വിഹിതത്തിൽനിന്നും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അടിയന്തര ധനസഹായം നൽകുകയും ചെയ്യുന്നുണ്ടെന്ന് സഭയെ അറിയിച്ചു. കാലതാമസം ഒഴിവാക്കി കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള AIMS പോർട്ടലിന്റെ മൊബൈൽ ആപ്പ് നിലവിൽ വന്നതായും മൊബൈൽ ഫോൺ സിഗ്നൽ കിട്ടാത്ത പ്രദേശങ്ങളിൽ അക്ഷയ കേന്ദ്രങ്ങൾ/ കൃഷിഭവൻ മുഖേന വിവരങ്ങൾ ഓൺലൈൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. 2021-22 വർഷത്തിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന് സംസ്ഥാന വിഹിതമായി 6729.30736 ലക്ഷം രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്ന് 1690.62807 ലക്ഷം രൂപയും വിള ഇൻഷ്വറൻസ് പദ്ധതിയിലൂടെ 3179.95005 ലക്ഷം രൂപയും കേന്ദ്ര വിള ഇൻഷ്വറൻസ് പദ്ധതികൾക്കുള്ള പ്രീമിയം സബ്സിഡിയുടെ സംസ്ഥാന വിഹിതമായി 6014.02090 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. നെൽ കർഷകരുടെ റോയൽറ്റിക്കും വിള ഇൻഷ്വറൻസിനും ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തി സ്മാർട്ട് കാർഡ് വിതരണം ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്നും സ്മാർട്ട്

കോപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതായും ഒരു ടീമിനെ നിയോഗിച്ച് മടിക്കൈ പഞ്ചായത്തിലെ കൃഷിനാശം സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.